# പ്രസാധകക്കുറിപ്പ്

2008 സെപ്റ്റംബർ 11-ാം തീയതി വേങ്കടത്ത് ജെയിംസ് ഉമ്മന്റെ ഭവനത്തിൽ കൂടിയ വേങ്കടത്ത് കുടുംബയോഗം കുടുംബചരിത്രം എഴുതണമെന്ന് തീരുമാനിക്കുകയും കുടുംബയോഗകമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. കമ്മിറ്റി, റവ. ഫാദർ തോമസ് വേങ്കടത്ത് അദ്ധ്യക്ഷനായും ഷാജി വേങ്കടത്ത് കൺവീനറായും വി. കെ. ജോസഫ്, പ്രൊഫ. ഐപ്പ് മാത്യു, ഡോ. പുന്നൻകുര്യൻ വേങ്കടത്ത് എന്നിവർ അംഗങ്ങളായുമുള്ള ഒരു സബ് കമ്മറ്റിയെ തിരഞ്ഞെടുത്ത് ചരിത്രരചന നിർവ്വഹിക്കാൻ ചുമതലപ്പെടുത്തി.

സബ്കമ്മിറ്റി കുടുംബയോഗ കമ്മിറ്റിയുമായി ആലോചിച്ച് ചില നിബന്ധനകൾക്കും നിഷ്കർഷകൾക്കും വിധേയമായാണ് രചന നിർവ്വഹിച്ചിട്ടുള്ളത്. കുടുംബത്തിലുള്ള എല്ലാ ശാഖകൾക്കും തുല്യത നൽകുന്ന ഒരു രീതിയാണ് അവലംബിച്ചിട്ടുള്ളത്. ചരിത്രം ഭൂതകാലമായതിനാൽ ജീവിച്ചിരിക്കുന്നവരെക്കുറിച്ചുള്ള പ്രത്യക്ഷ പരാമർശം ഒന്നാം ഭാഗത്തിൽ ഒഴിവാക്കിയിരിക്കുകയാണ്.

ഈ മഹത്തായ സംരംഭത്തിന്റെ പൂർത്തീകരണത്തിന് വളരെയേറെ വ്യക്തികളുടെ സഹായം ലഭിച്ചിട്ടുണ്ട്. ചരിത്രം തേടിയുള്ള യാത്രയിൽ ഷെവ. ഉമ്മച്ചൻവേങ്കടത്ത്, ജെയിംസ് ഉമ്മൻ, സഞ്ചു വെളിയത്ത് എന്നിവർ സബ് കമ്മിറ്റിയോടൊപ്പം സഹകരിച്ചത് നന്ദിപൂർവ്വം സ്മരിക്കുന്നു. വേങ്കടത്ത് ചിറയ്ക്കൽ സി. കെ. മാത്യു രചനയുടെ വിവിധ ഘട്ടങ്ങളിൽ വിലപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയത് കൃതജ്ഞതയോടെ ഓർക്കുന്നു. സബ് കമ്മിറ്റി ശേഖരിച്ച വിവരങ്ങൾ പല പ്രാവശ്യമായി നാൽപതു മണിക്കൂറോളം കുടുംബയോഗം കമ്മിറ്റിയിൽ, തെളിവുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്താണ് രചനയുടെ അന്തിമ രൂപം തയ്യാറാക്കിയിട്ടുള്ളത്.

ഈ ചരിത്രരചനയ്ക്ക് പ്രാരംഭം മുതൽ ചുക്കാൻ പിടിച്ചതു ഡോ. പുന്നൻകുര്യൻ വേങ്കടത്താണ്. അദ്ദേഹം രചനയുടെ കരടുരൂപം പല തവണ വായിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. ഇതിൽ ചേർത്തിരിക്കുന്ന ജീവനുള്ള ചിത്രങ്ങൾ മിക്കവയും അദ്ദേഹം ഒപ്പിയെടുത്തിട്ടുള്ളതാണ്. ഗ്രന്ഥത്തിന്റെ രൂപകല്പനയും അദ്ദേഹത്തിന്റേതാണ്.

ൗ ഉദ്യമത്തിന്റെ സാക്ഷാത്കാരത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത് പ്രധാനമായും വിദേശത്തുള്ള നമ്മുടെ സഹോദരീസഹോദരന്മാണ്. വിദേശത്തുനിന്നും സ്വദേശത്തുനിന്നും സാമ്പത്തിക സഹായം നൽകിയിട്ടുള്ളവരെ നന്ദിയോടെ ഓർക്കുന്നു.

ഗ്രന്ഥരചനയുടെ ചരിത്രാന്വേഷണവേളയിൽ അൽപമായോ അധികമായോ അറിവുകളും തെളിവുകളും നൽകി സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തട്ടെ.

രചനയ്ക്ക് നിയോഗിക്കപ്പെട്ടവർ ചരിത്രകാരന്മാരല്ലാത്തതിനാൽ പിഴവുകൾ കണ്ടേക്കാം. ആയത് ക്ഷമിക്കും എന്നുള്ള വിശ്വാസത്തോടെ.

സബ് കമ്മിറ്റിയ്ക്കുവേണ്ടി

**തിരുവഞ്ചൂർ** — **ഷാജി വേങ്കടത്ത്**

**21.12.2009** — കൺവീനർ